"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണപൊതുസർവ്വീസിലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാരായ ശ്രീ. ഷംസുദ്ദീൻ.സി.എ., ശ്രീ. ഖാലിദ്.വി., ശ്രീ. ജോയ് ഫ്രീ സുദർശൻ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2282/2023/LSGD തീയതി,തിരുവനന്തപുരം, 20-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ. ഷംസുദ്ദീൻ.സി.എ സർക്കാരിൽ സമർപ്പിച്ച 05.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ
3. ശ്രീ. ഖാലിദ്.വി., സർക്കാരിൽ സമർപ്പിച്ച 04.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ
4. ശ്രീ. ജോയ് ഫ്രീ സുദർശൻ സർക്കാരിൽ സമർപ്പിച്ച 06.10.2023 തീയതിയിലെ അപ്പീൽ അപേക്ഷ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.11.2023 തീയതിയിലെ LSGD/PD/48455/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാരായ ശ്രീ. ഷംസുദ്ദീൻ.സി.എ., ശ്രീ. ഖാലിദ്.വി., ശ്രീ. ജോയ് ഫ്രീ സുദർശൻ എന്നിവർ പരാമർശം 2,3,4 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീ. ഷംസുദ്ദീൻ സമർപ്പിച്ച അപേക്ഷ പ്രകാരം 03.07.2023ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ കൂലിസ്റ്റുകൾ പരിഗണിക്കാതെ താമസസ്ഥലത്തിന് അകലെയുള്ള ഫറോക്ക് നഗരസഭയിൽ തന്നെ നിയമിച്ചതായും റിക്വസ്റ്റ് നൽകാത്തവരെ താൻ ഓപ്റ്റ് ചെയ്ത നഗരസഭകളിൽ നിയമിച്ചിട്ടുള്ളതായും ഒന്നാമത്തെ ഓപ്ഷനായ നിലമ്പൂർ നഗരസഭയിലോ, രണ്ടാമത്ത ഓപ്ഷനായ മഞ്ചേരി നഗരസഭയിലോ മാറ്റി നിയമിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. ശ്രീ. ഖാലിദ്.വി., സമർപ്പിച്ച അപേക്ഷ പ്രകാരം 6 വർഷത്തോളം ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്തതായും, 2022 ഡിസംബറിൽ ആണ് കോഴിക്കോട് നഗരസഭയിൽ നിയമിച്ചത് എന്നും അറിയിക്കുന്നു. കിഡ്നി സംബന്ധമായ പ്രശ്നങ്ങൾ മൂലം ചികിത്സയിലായതിനാൽ ഒന്നാമത്തെ ഓപ്ഷനായ രാമനാട്ട് നഗരസഭയിലോ മൂന്നാമത്തെ ഓപ്ഷനായ ഫറോക്ക് നഗരസഭയിലോ

മാറ്റി നിയമിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം അർബൻ ഡയറക്ടറുടെ 01.02.2023 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീ. ഷംസുദ്ദീനെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി മലപ്പുറം നഗരസഭയിൽ നിയമിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ തന്നെ ടി ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലംമാറ്റത്തിന് വിധേയമായി പുനപരിശോധിക്കുമെന്ന് വ്യക്തമാക്കിയിരുന്നതാണ്. 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നൽകിയിരുന്നതെന്നും അറിയിച്ചു. ശ്രീ. ഖാലിദ്.വി.,-യെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഫറോക്ക് നഗരസഭയിൽ നിയമിച്ചിരുന്നതായും ടിയാൻ സമർപ്പിച്ച ഓപ്ഷനുകളിൽ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ടിയാന് അർഹതയില്ലാത്തതിനാലാണ് പ്രസ്തുത നിയമനം നടത്തിയതെന്നും അറിയിക്കുന്നു.

5. ശ്രീ. ഷംസുദ്ദീൻ പരാതിയിൽ പരാമർശിച്ചിട്ടുള്ള ഒന്നാമത്തെ ഓപ്ഷനായ നിലമ്പൂർ നഗരസഭയിൽ ടിയാനെക്കാൾ സീനിയറായ ആളെയാണ് നിയമിച്ചിട്ടുള്ളതെന്നതിനാൽ ആയത് പരിഗണിക്കാനാകുന്നതല്ലായെന്നും രണ്ടാമത്തെ ഓപ്ഷനായ മഞ്ചേരി നഗരസഭയിൽ നിയമനം ലഭിച്ചിരിക്കുന്ന ഖാലിദ് വി. ഫറോക്ക് നഗരസഭയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ ശ്രീ. ഖാലിദ്.വി.,-യെ ഫറോക്ക് നഗരസഭയിലേക്കും ശ്രീ. ഷംസുദ്ദീനെ മഞ്ചേരി നഗരസഭയിലേക്കും പരസ്പരം മാറ്റി നിയമിക്കാവുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6. ശ്രീ. ജോയ് ഫ്രീ സുദർശൻ സമർപ്പിച്ച അപേക്ഷ പ്രകാരം ജൂനിയർമാരെ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ നിയമിച്ചതായും, സന്ധിവേദനകാരണവും, കാലിൽ പൊട്ടലുണ്ടായതിനാലും ആയതുമായി ബന്ധപ്പെട്ട് ദൂരയാത്ര ബുദ്ധിമുട്ടാണ് എന്നും ഭാര്യ തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നതിനാലും വളാഞ്ചേരി നഗരസഭയിലേക്കുള്ള സ്ഥലം മാറ്റം പുനപരിശോധിച്ച് തിരുവനന്തപുരം ജില്ലയിലോ തൊട്ടടുത്ത ജില്ലയിലോ നിയമനം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

7. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. ജോയ് ഫ്രീ സുദർശൻ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലെ ഉദ്യോഗക്കയറ്റം 01.12.2021ൽ പരിത്യജിച്ചിരുന്നതായും തുടർന്ന് ടിയാന്റെ അപേക്ഷപ്രകാരം 26.04.2023ൽ പ്രമോഷൻ നൽകി തിരൂർ നഗരസഭയിൽ നിയമിച്ചതായും അറിയിക്കുന്നു. ആയതിനാൽപൊതു സ്ഥലംമാറ്റത്തിന് അപേക്ഷസമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ലായെന്നും സീനിയറായതിനാൽ ടിയാൻ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചില്ലായെങ്കിലും ആവശ്യം പ്രത്യേക കേസായി പരിഗണിക്കുന്നതിന് അർഹതയുണ്ട് എന്നും അറിയിച്ചിരുന്നു.

8. മേൽ അപ്പീൽ അപേക്ഷകൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 02.11.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം കമ്മിറ്റി ചുവടേ ചേർക്കും പ്രകാരം തീരുമാനമെടുത്തിരുന്നു.

i) ശ്രീ. ഷംസുദ്ദീൻ.സി.എ., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 സമർപ്പിച്ച അപ്പീൽ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. ഫറോക്ക് നഗരസഭയിൽ നിയമനം പുനപരിശോധിച്ച് ഒന്നാമത്തെ ഓപ്ഷനായ നിലമ്പൂർ നഗരസഭയിലോ, രണ്ടാമത്ത ഓപ്ഷനായ മഞ്ചേരി നഗരസഭയിലോ മാറ്റി നിയമിക്കണം എന്ന് അപേക്ഷിച്ചിരുന്നു. ഇക്കാര്യം മഞ്ചേരി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീ. ഖാലിദ്.വി.

യുടെ അപ്പീൽ പ്രകാരം പരിശോധിച്ചു, ഒന്നാമത്തെ ഓപ്ഷനായ രാമനാട്ട് നഗരസഭയിലോ മൂന്നാമത്തെ ഓപ്ഷനായ ഫറോക്ക് നഗരസഭയിലോ മാറ്റി നിയമിക്കണമെന്നാണ് ടിയാന്റെ ആവശ്യം. ശ്രീ. ഷംസുദ്ദീൻ.സി.എ., ശ്രീ. ഖാലിദ്.വി. എന്നിവരെ പരസ്പരം മാറ്റി നിയമിച്ചുകൊണ്ട് ടിയാളുകളുടെ അപ്പീൽ പരിഗണിക്കുന്നതിന് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. അപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുണ്ടേതാണ്.

ii) ശ്രീ.ജോയ് ഫ്രീ സുദർശൻ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 സമർപ്പിച്ച അപ്പീൽ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലോ തൊട്ടടുത്ത ജില്ലയിലോ നിയമനം നൽകണമെന്ന അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചു. 26.04.2023ലെ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ചതിനാൽ ടിയാന് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ കഴിഞ്ഞിരുന്നില്ല. മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയിലേക്കാണ് സ്ഥലംമാറ്റം ലഭിച്ചത്. സീനിയറായതിനാൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചില്ലായെങ്കിലും ആവശ്യം പരിഗണിക്കുന്നതിന് അർഹതയുണ്ട്. തിരുവനന്തപുരം ജില്ലയിലോ തൊട്ടടുത്ത ജില്ലയിലോ, ക്യൂലിസ്റ്റ് കഴിഞ്ഞ് വരുന്ന ആദ്യഒഴിവിൽ, ടിയാന് സ്ഥലംമാറ്റം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

9. അപ്പീൽ കമ്മിറ്റിയുടെ മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഫറോക്ക് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷംസുദ്ദീൻ.സി.എ., മഞ്ചേരി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഖാലിദ്.വി. എന്നിവരെ പരസ്പരം മാറ്റി നിയമിക്കുന്നതിനും, വളാഞ്ചേരി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോയ് ഫ്രീ സുദർശന് തിരുവനന്തപുരം ജില്ലയിലോ തൊട്ടടുത്ത ജില്ലയിലോ, ക്യൂലിസ്റ്റ് കഴിഞ്ഞ് വരുന്ന ആദ്യഒഴിവിൽ, സ്ഥലംമാറ്റം നൽകുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 2,3,4പ്രകാരമുള്ള അപ്പീലുകൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ഷംസുദ്ദീൻ.സി.എ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഫറോക്ക് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. ഖാലിദ്.വി., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 , മഞ്ചേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. ജോയ് ഫ്രീ സുദർശൻ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, വളാഞ്ചേരി നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-11-2023 12:25:33
സെക്ഷൻ ഓഫീസർ